# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 905 — 05.02.2020 ലെ മറുപടി

### പമ്പ ആക്ഷൻ പ്ലാൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പമ്പ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) പമ്പ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ട പ്രവർത്തികളുടെ 1607 കോടി രൂപയുടെ കരട് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) ഇതിനായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പമ്പ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടപ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഇതിനായി എന്ത് തുകയാണ് ചെലവഴിച്ചത്; വിശദമാക്കാമോ? | (സി) പമ്പ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 12 പ്രവർത്തികളിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ടി പദ്ധതികൾക്കായി ഏകദേശം 39.78 കോടി രൂപ ചെലവുവന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടിക - 1

### പമ്പ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ട പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ വിശദീകരണം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവ് (ലക്ഷത്തിൽ) | പുരോഗതി |
|---|---|---|---|---|
| **തിരുവിതാംകൂർ ദേവസ്വം ബോർഡ്** | | | | |
| 1 | ശബരിമലയിൽ 5 എം.എൽ.ഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 298.08 | 2498.59 | പൂർത്തിയായി |
| 2 | പമ്പയിൽ 1.5 എം.എൽ.ഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 149.04 | - | പൂർത്തിയായി |
| 3 | ശബരിമലയിലും പമ്പയിലും സ്വീവേജ് കളക്ഷൻ ടാങ്ക്, പമ്പിങ്ങ് സിസ്റ്റം, സ്വീവർ ലൈനുകൾ | 241.32 | - | ശബരിമലയിലെ പ്രവൃത്തികൾ പൂർത്തിയായി |
| 4 | പമ്പയിൽ 300 കക്കൂസുകളും ശബരിമലയിൽ 400 കക്കൂസുകളും 100 കുളിമുറികളും | 285.66 | 459.73 | പൂർത്തിയായി |
| 5 | ശബരിമലയിലെയും പമ്പയിലെയും ഖരമാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമുള്ള സംവിധാനം | 310.5 | 729.44 | പൂർത്തിയായി |
| 6 | ശബരിമലയിലെയും പമ്പയിലെയും നിലവിലുള്ള അഴുക്കുചാലുകൾ മാറ്റുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ | 157.67 | - | ശബരിമലയിലെ പ്രവൃത്തികൾ പൂർത്തിയായി |
| 7 | ശബരിമലയിലും പമ്പയിലും മൊബൈൽ കക്കൂസുകൾ | 173.88 | - | സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഒഴിവാക |
| 8 | കക്കാത്തോടിലും ഉരക്കുഴിതീർത്ഥം തോടിലും വിയറുകളുടെ നിർമ്മാണം | 31.05 | - | |
| | **SUB TOTAL** | **1647.2** | **3687.76** | |
| **ജലസേചന വകുപ്പ്** | | | | |
| 9 | പമ്പാ നദിയിലെയും കക്കി നദിയിലെയും മാലിന്യങ്ങൾ തള്ളിവിടുന്നതിന് സംഗമസ്ഥലത്തിന് മുകളിലായി സ്റ്റോറേജ് വിയറും അനുബന്ധ പണികളും മാലിന്യ നിക്ഷേപസ്ഥലങ്ങളിൽ വേലി നിർമ്മാണവും വിയറിനടുത്ത് ജനറേറ്ററിനുവേണ്ടിയുള്ള സ്റ്റോറേജ് ഷെഡ് നിർമ്മാണവും | 107.12 | 119.82 | പൂർത്തിയായി |
| 10 | പമ്പയിലെ കുളിക്കടവിലേയ്ക്ക് ഞുണങ്ങാർ നദിയിൽ നിന്ന് മാലിന്യങ്ങൾ വരുന്നത് തടയാനായി ആറാട്ടുകടവ് കുളിക്കടവിന്റെ താഴ്ഭാഗത്ത് വിയറിന്റെ നിർമ്മാണം | 22.36 | 46.32 | പൂർത്തിയായി |
| 11 | പമ്പാനദിയുടെ ഇടത് കരയിൽ നിലവിലുള്ള കുളിക്കടവിന് എതിർവശത്ത് പുതിയതായി കുളിക്കടവ് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 43.47 | 70.91 | പൂർത്തിയായി |
| | **SUB TOTAL** | **172.95** | **237.71** | |
| **കേരള വാട്ടർ അതോറിറ്റി** | | | | |
| 12 | പൊതുജന ബോധവൽക്കരണം | 24.84 | 52.73 | പൂർത്തിയായി |
| | **SUB TOTAL** | **24.84** | **52.73** | |
| | 15% Escalation charge, 8% Centage charges ഉൾപ്പെടെ **GRAND TOTAL** | **1845** | **3978.20** | |

Prijith

സെക്ഷൻ ഓഫീസർ